ലേഖനം

◆

ജമാൽ കടന്നപ്പള്ളി

# തൗഹീദിന്റെ അകക്കാമ്പ്

**പിറന്നു** വീഴുമ്പോൾ നമ്മുടെ കാതുകളിൽ ആദ്യം മുഴങ്ങുന്നത് 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന തൗഹീദിന്റെ നാദമാണ്. ഇപ്പോൾ നാം ഉഷ്ണിച്ചധ്വാനിക്കുന്നതാവട്ടെ അതേ തൗഹീദീ വാക്യമുരുവിട്ട് മരിക്കാനാണ്. എങ്കിൽ ഈ രണ്ടതിർത്തികൾക്കിടയിലുള്ള ജീവിതം തൗഹീദിനൊത്ത് തന്നെ ആയിരിക്കണമെന്നത് ബുദ്ധിയുടെ തേട്ടമല്ലേ? വിശുദ്ധ ഖുർആനും തിരുസുന്നത്തും നമ്മോട് ആവശ്യപ്പെടുന്നതും അതാണ്: "പറയുക, എന്റെ നമസ്കാരവും എന്റെ ആരാധനാ കർമങ്ങളഖിലവും എന്റെ ജീവിതവും എന്റെ മരണവും എല്ലാം സർവലോകനാഥനായ അല്ലാഹുവിനു വേണ്ടിയാകുന്നു. അവനു പങ്കാളികളാരുമേയില്ല" (*അൽ അൻആം:* 162-163).

തൗഹീദ് (ഏകദൈവത്വം) ഇസ്‌ലാമിന്റെ മൗലികാടിത്തറയാണ്. എന്നല്ല, ഇസ്‌ലാം തന്നെ തൗഹീദാണ്. നമ്മുടെ വിശ്വാസസംഹിതയുടെ അകക്കാമ്പാണത്. ലക്ഷത്തിലേറെ പ്രവാചകന്മാരെ അല്ലാഹു അയച്ചത് മനുഷ്യരാശിയെ തൗഹീദ് ഓർമപ്പെടുത്താനാണ്. കാരണം തൗഹീദ് മനുഷ്യപ്രകൃതിയുടെ തന്നെ ഭാഗമാണ്. അത് മറഞ്ഞുപോവുകയോ മറച്ചുവെക്കപ്പെടുകയോ ചെയ്യുമ്പോൾ(കുഫ്ർ) അനാവരണം ചെയ്ത് തൗഹീദീ സത്യത്തെ വീണ്ടും വീണ്ടും ഓർമിപ്പിക്കുകയായിരുന്നു പ്രവാചകന്മാർ.

തൗഹീദാണ് മനുഷ്യന്റെ പ്രകൃതം എന്നതിന് വിശുദ്ധ ഖുർആൻ ഉന്നയിക്കുന്ന തെളിവ് കാണുക: "താങ്കളുടെ നാഥൻ ആദം സന്തതികളിൽനിന്ന് - അവരുടെ മുതുകുകളിൽനിന്ന് -തങ്ങളുടെ പിൻതലമുറകളെ പിടിച്ച് നിങ്ങൾക്കുതന്നെ സാക്ഷികളാക്കിയ സന്ദർഭം: 'ഞാനല്ലയോ നിങ്ങളുടെ നാഥൻ?' അവൻ ചോദിച്ചു. 'അതേ, ഞങ്ങൾ സാക്ഷ്യം വഹിച്ചു'. അവർ പറഞ്ഞു. നിങ്ങൾ പുനരുത്ഥാന നാളിൽ 'ഇതിനെ പറ്റി നിശ്ചയമായും ഞങ്ങൾ അബോധവാന്മാരായിരുന്നു' എന്ന് പറയാതിരിക്കേണ്ടതിന്" (*അൽ അഅ്റാഫ്*: 172). ഈ നൈസർഗിക ഉടമ്പടിയുടെ മികച്ച തെളിവാണ്, എത്ര ദുഷിച്ച മനുഷ്യനിലും കാണപ്പെടുന്ന നന്മയുടെ ചില അംശങ്ങൾ. ആപത്‌വേളകളിൽ ഏതു നിഷേധിയും ദൈവത്തെ വിളിച്ചുപോകുന്നത് വെറുതെയല്ല. അപ്പോൾ മനുഷ്യപ്രകൃതി തൗഹീദാണ്. സന്തോഷ-സന്താപങ്ങൾ പോലെ, ലൈംഗിക വികാരം പോലെ ഈശ്വരവിശ്വാസം (സാക്ഷാൽ ഏകനായ അല്ലാഹുവിലുള്ള വിശ്വാസം) നമ്മിൽ അലിഞ്ഞു ചേർന്നിട്ടുണ്ട്.

മനുഷ്യപ്രകൃതി മാത്രമല്ല മൊത്തം പ്രപഞ്ചത്തിന്റെ പ്രകൃതവും തൗഹീദത്രെ. അല്ലാഹു പറയുന്നു: "ആകാശങ്ങളിലുള്ളവർ, ഭൂമിയിലുള്ളവർ, സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, മലകൾ, മരങ്ങൾ, ജന്തുജാലങ്ങൾ, ധാരാളം മനുഷ്യർ ഇവയൊക്കെയും അല്ലാഹുവിന്റെ മുമ്പിൽ പ്രണാമം ചെയ്യുന്നത് നീ കാണുന്നില്ലേ? വേറെ കുറേയധികം ആളുകളുടെ മേൽ (അവരുടെ ചെയ്തികൾ മൂലം) ദൈവശിക്ഷ നിർബന്ധമായിരിക്കുന്നു" (*അൽ ഹജ്ജ്*: 18). തൗഹീദ് എന്ന വാക്ക് തന്നെ വളരെ അർഥവത്താണ്. 'ഏകമാക്കുക', 'ഏകീകരിക്കുക' എന്നൊക്കെയാണ് അതിന്റെ ആത്മസത്ത. അതായത് മനുഷ്യനെയും പ്രപഞ്ചത്തെയും തീർത്തത് ഏകനായ ദൈവമാണ്. അതിനാൽ മനുഷ്യർക്കിടയിലും മനുഷ്യനും പ്രകൃതിക്കിടയിലും ഒരുതരം ഏകീഭാവം നിലനിൽക്കുന്നുണ്ട്. ('പ്രപഞ്ചത്തിന്റെ വീണയാണ് തൗഹീദ്' എന്ന മഹാകവി ഇഖ്ബാലിന്റെ വചനം എന്തുമാത്രം അർഥവത്തല്ല!) ഇനി അല്ലാഹുവിന്റെ ദീൻ ആയ ഇസ്‌ലാമോ? തീർച്ചയായും ഇസ്‌ലാം 'പ്രകൃതിമത'മാണ്. ഖുർആൻ പറഞ്ഞു: "ഏകാഗ്രതയോടെ സ്വന്തം മുഖത്തെ ഈ ദീനിനുനേരെ ഉറപ്പിച്ചു നിർത്തുക. അല്ലാഹു മനുഷ്യരെ പടച്ചത് ഏതൊരു പ്രകൃതിയിലാണോ ആ പ്രകൃതി തന്നെയാണിത്" (*അർറൂം*: 30) വീണ്ടും പറയുന്നു: "ഞാൻ എന്റെ മുഖം, ആകാശ ഭൂമികളെ സൃഷ്ടിച്ച ആ അസ്തിത്വത്തിലേക്ക് ഋജുമനസ്കനായി തിരിച്ചിരിക്കുന്നു. ഞാൻ ഒരിക്കലും ശിർക്ക് ചെയ്യുന്നവരിൽ പെട്ടവനല്ല" (*അൽ അൻആം*: 79). അപ്പോൾ തൗഹീദ് പ്രകൃതിയുടെ താളവും അല്ലാഹുവിന്റെ അവകാശവുമാണ്. ഈ അവകാശത്തിലും താളക്രമത്തിലുമുള്ള മനുഷ്യന്റെ കൈയേറ്റമത്രെ ശിർക്ക്. അതുകൊണ്ടാണ് ബഹുദൈവവാദം കടുത്ത അക്രമമാകുന്നത്.

### പരിഭാഷയുടെ പ്രശ്നം

ഭാഷക്ക് ചില പരിമിതികളുണ്ട്. 'തലവേദനയുമായി വന്ന ആൾ ഡോക്ടർക്ക് തലവേദനയായി' എന്നുപറയുമ്പോൾ വേദന രണ്ടുതരമാണ്. അടുക്കളയിലെ 'മാവ്' അല്ല തൊടിയിലെ 'മാവ്.' നാം ദൈവത്തെയും മനുഷ്യരെയും 'സ്നേഹിക്കാ'റുണ്ട്. ദൈവത്തെയും പാമ്പിനെയും 'ഭയ'പ്പെടാറുണ്ട്. എന്നാൽ ഇതേക്കാൾ വലിയ പ്രശ്നമാണ് പരിഭാഷാരംഗത്ത്. അതും വിശുദ്ധഖുർആൻ, തിരുസുന്നത്ത് പോലുള്ള ദൈവിക വചനങ്ങളും പ്രവാചക ചര്യയുമാകുമ്പോൾ വിഷയത്തിന്റെ ഗൗരവം ഇരട്ടിക്കുന്നു. ഉദാഹരണത്തിന് തഖ്‌വ, തവക്കുൽ, ഇഹ്സാൻ തുടങ്ങിയ ഖുർആനിക സംജ്ഞകൾക്കു പോലും ഒറ്റവാക്കിൽ സമാന പദങ്ങൾ മലയാള ഭാഷയിലില്ല. അതുകൊണ്ട് പദാനുപദ തർജമകളിൽ വിവർത്തകന്റെ വൈജ്ഞാനിക നിലവാരവും ഭാഷാപരമായ ഉൾക്കാഴ്ചയുമനുസരിച്ച് അവയ്ക്കൊക്കെ മൊഴിമാറ്റം നൽകിപ്പോരുന്നു. എന്നാൽ പ്രസ്തുത വാക്കുകളിൽതന്നെ കടിച്ചുതൂങ്ങി ബുദ്ധിയുള്ളവരാരും ആ അറബി പദങ്ങളുടെ ആശയപ്രപഞ്ചത്തെ നിരാകരിക്കാറില്ല. ഇതര ഗ്രന്ഥങ്ങളിലൂടെയോ മറ്റുവഴികളിലൂടെയോ അവയുടെ അർഥവിശാലതയെ പരമാവധി മനസ്സിലാക്കാനും ഉൾക്കൊള്ളാനും ശ്രമിക്കുകയാണ് പതിവ്.

ഖേദകരമെന്നു പറയട്ടെ, ഇസ്‌ലാമിന്റെ ജീവാത്മാവായ തൗഹീദിന്റെ കാര്യത്തിൽമാത്രം ആരോഗ്യകരമായ ഈ സമീപനം പൊതുവെ മുസ്‌ലിം സമുദായം പുലർത്തിക്കാണുന്നില്ല. പഴയകാലത്ത് ഏതോ ഒരാൾ (തീർച്ചയായും അദ്ദേഹത്തിന്റെ ഉദ്ദേശ്യശുദ്ധിയെ നാം ചോദ്യം ചെയ്യേണ്ടതില്ല) നൽകിയ വാക്കർഥത്തിൽ ഒതുങ്ങിക്കൂടി തൗഹീദിന്റെ ആശയപ്രപഞ്ചത്തെ മൊത്തം ആ ദുർബല പരിഭാഷയിലേക്ക് ഒതുക്കിക്കെട്ടുകയാണ് നാം ചെയ്യുന്നത്. സമുദായത്തിന്റെ അനാസ്ഥ അവിടം കൊണ്ടും തീർന്നില്ല, തൗഹീദിന്റെ വിശാലതയെക്കുറിച്ച ചിന്ത പോലും പരിഹസിക്കപ്പെട്ടു. മഹാപ്രവാചകന്മാർ ജീവിച്ചു പഠിപ്പിക്കുകയും തലമുറകളെ പരിശീലിപ്പിക്കുകയും ചെയ്ത രചനാത്മകമായ ക്രിയാരൂപം എന്ന ഔന്നത്യത്തിന്റെ മഴവിൽ സ്ഥാനത്തുനിന്നും തൗഹീദ് വെറും സംഘടനാ സങ്കുചിതത്വത്തിലേക്ക് താഴ്ത്തിയിറക്കപ്പെട്ടു. തൗഹീദിന്ന് വളരെ വിശാലമായ വിവക്ഷയുണ്ട് എന്നു പറഞ്ഞവരെ ഒറ്റപ്പെടുത്തുകയും അവധാനതയോടെ വിഷയം പഠിക്കുന്നതിനുപകരം അവർക്കുനേരെ നൂറുകൂട്ടം ചോദ്യങ്ങളുന്നയിക്കുകയും ചെയ്തു. തൗഹീദിന്റെ ആശയപ്രകാശത്തോട് മൽപിടിത്തം നടത്തിയവരിൽ മഹാപണ്ഡിതന്മാർപോലും ഉൾപ്പെടുന്നു എന്ന വസ്തുത നമ്മെ വല്ലാതെ അമ്പരപ്പിക്കും.

കേരളത്തിൽ ഒരുകാലത്ത് നടന്ന തർക്ക കോലാഹലങ്ങളുടെ മർമം പ്രാർഥന (ഇസ്തിഗാസ-തവസ്സുൽ)യായിരുന്നു. കാലാന്തരേണ പ്രസ്തുത വിവാദം രണ്ടു തെല്ലുകളിലേക്ക് തെന്നി മാറ്റപ്പെട്ടു. ഒരു ചേരി പ്രാർഥന മാത്രമാണ് തൗഹീദെന്നു വാദിച്ചപ്പോൾ മറുചേരി പ്രാർഥനയും അല്ലാഹു അല്ലാത്തവർക്ക് അർപ്പിക്കാമെന്ന് (മആദല്ലാഹ്!) ശഠിച്ചു. ഇതിന്റെ സ്വാഭാവിക പ്രത്യാഘാതമെന്നോണം മറ്റ് രണ്ടു ദുരന്തങ്ങൾ കൂടി സംഭവിച്ചു. ഒരു ഭാഗത്ത് ഇസ്‌ലാം വെറും ആരാധനകൾ മാത്രമായി ഒതുങ്ങി. മറുഭാഗത്ത് സാമൂഹിക-രാഷ്ട്രീയ മേഖലകളിൽ അതിഭീകരങ്ങളായ മൂല്യച്യുതികൾ ഉടലെടുത്തു. രാഷ്ട്രീയത്തിന് അല്ലാഹുവിന്റെ വിധിവിലക്കുകൾ ബാധകമല്ല എന്ന കാര്യത്തിൽ ഉപരിസൂചിത ഗ്രൂപ്പുകൾ രണ്ടും അത്ഭുതകരമായി ഐക്യപ്പെടുകയും ചെയ്തു!

'ലാഇലാഹ ഇല്ലല്ലാഹ്' ആണ് ആദർശം എന്ന കാര്യത്തിൽ കേരളത്തിലെ മുസ്‌ലിംകൾക്കിടയിൽ യാതൊരു അഭിപ്രായവ്യത്യാസവുമില്ല. എന്നാൽ ഈ തൗഹീദീ വാക്യത്തോടുള്ള സമീപനത്തിൽ, അതിന്റെ വ്യാഖ്യാനത്തിൽ ഭീമമായ അന്തരം നിലനിൽക്കുന്നു. 'ലാഇലാഹ ഇല്ലല്ലാഹ്' എന്നുപറഞ്ഞാൽ അല്ലാഹു മാത്രമേ ഇബാദത്തിനർഹനുള്ളൂ എന്നാണർഥം. അപ്പോൾ എന്താണ് ഇബാദത്ത് എന്ന ചോദ്യമുയരുന്നു. അഥവാ മുസ്‌ലിം സംഘടനകൾക്കിടയിലുള്ള തർക്കങ്ങളുടെ മൗലികബീജം ഇബാദത്തിന്റെ വ്യാഖ്യാനവുമായി ബന്ധപ്പെട്ടു നിൽക്കുന്നു. ആരാധന, പൂജ എന്നൊക്കെ പറയാവുന്ന അനുഷ്ഠാനകർമങ്ങൾ മാത്രമാണ് ഇബാദത്ത് എന്നത്രെ കേരള നദ്‌വത്തുൽ മുജാഹിദീൻ വാദിച്ചത്. സമസ്തകേരള ജംഇയ്യത്തുൽ ഉലമയാവട്ടെ ആരാധനകൾ മാത്രമാണ് ഇബാദത്ത് എന്ന് വാദിക്കുന്നതോടൊപ്പം തന്നെ ആരാധനാകർമങ്ങളിലെ സുപ്രധാന ഇനങ്ങളായ പ്രാർഥന, നേർച്ച പോലുള്ളവ അല്ലാഹു അല്ലാത്തവർക്ക് സമർപ്പിക്കുന്നതും തെറ്റല്ല; ആ ശക്തികളെ 'ഇലാഹ്' എന്ന് കരുതാതിരുന്നാൽ മതി എന്നുകൂടി വാദിച്ചു.

ഇവിടെയാണ് ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി ഇതര ഇസ്‌ലാമിക പ്രസ്ഥാനങ്ങളെ പോലെ തന്നെ മൗലിക നിലപാട് കൊണ്ട് വേറിട്ടുനിന്നത്. ഇബാദത്ത് എന്ത് എന്തല്ല എന്നു മനസ്സിലാക്കേണ്ടത് നമ്മുടെ മൗലിക പ്രമാണങ്ങളായ വിശുദ്ധ ഖുർആനിൽനിന്നും തിരുസുന്നത്തിൽനിന്നുമാണെന്ന് ജമാഅത്ത് വാദിച്ചു. ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളോടോ അന്ധവിശ്വാസാനാചാരങ്ങളോടോ അല്ല നമ്മുടെ പ്രതിബദ്ധത. ഇക്കാര്യം സ്വന്തം ഭരണഘടനയിൽതന്നെ അസന്ദിഗ്ധമായി പ്രഖ്യാപിക്കാൻ ഇസ്‌ലാമിക പ്രസ്ഥാനം ആർജവം കാട്ടി. ജമാഅത്തെ ഇസ്‌ലാമി ഭരണഘടന ഖണ്ഡിക 3-ൽ ആദർശ വിശദീകരണത്തിന്റെ പ്രാരംഭമായി കുറിച്ച വാക്കുകൾ ശ്രദ്ധിക്കുക: "ഈ ആദർശത്തിലെ ആദ്യഭാഗത്തിന്റെ, അതായത്, അല്ലാഹു ഏക 'ഇലാഹ്' ആണെന്നും മറ്റാരും 'ഇലാഹ്' അല്ലെന്നും ഉള്ളതിന്റെ വിവക്ഷ ഇതാണ്: ഏതൊരുവൻ നമ്മുടെയും അഖിലലോകത്തിന്റെയും സ്രഷ്ടാവും രക്ഷിതാവും നിയന്താവും ഉടമസ്ഥനും പ്രകൃതിനിയമ വിധികർത്താവും ആണോ, അതേ അല്ലാഹു തന്നെയാണ് വാസ്തവത്തിൽ നമ്മുടെയെല്ലാം സാക്ഷാൽ 'മഅ്ബൂദും' സന്മാർഗിക വിധികർത്താവും; ആരാധനക്കർഹനും യഥാർഥത്തിൽ അനുസരിക്കപ്പെടേണ്ടവനും അവൻ മാത്രമാകുന്നു; പ്രസ്തുത നിലകളിലൊന്നും അവന്ന് യാതൊരു പങ്കാളിയുമില്ല."

തൗഹീദിന്റെ അവിഛിന്നത തർക്കമില്ലാത്ത വിഷയമാണ്. ലക്ഷത്തിലധികം പ്രവാചകന്മാരെ അല്ലാഹു ഭൂമിയിലേക്കയച്ചതും വിശുദ്ധ ഖുർആൻ അവതരിച്ചതും ഈ മൗലികസത്യം പ്രഖ്യാപിക്കാനാണ്. ഏതോ അർഥത്തിൽ ഇതും ഒരു തർക്കവിഷയമായി വന്നാൽ നാം എന്തു ചെയ്യണം? ഖുർആൻ പറഞ്ഞു: "വല്ല കാര്യത്തിലും നിങ്ങൾ ഭിന്നിച്ചിട്ടുണ്ടെങ്കിൽ അതിൽ വിധികൽപിക്കാനുള്ള അധികാരം അല്ലാഹുവിങ്കലാണിരിക്കുന്നത്" (*അശ്ശൂറാ*: 10). "വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ തർക്കമുണ്ടാവുന്ന പക്ഷം അത് അല്ലാഹുവിനും റസൂലിനും വിട്ടുകൊടുക്കുക" (*അന്നിസാഅ്*: 59). നബി(സ) അരുൾ ചെയ്യുന്നു: "ഞാൻ നിങ്ങളിൽ രണ്ടു കാര്യം ബാക്കിയാക്കിയിരിക്കുന്നു. അവ മുറുകെപ്പിടിച്ചാൽ നിങ്ങൾ വഴിപിഴക്കുകയില്ല. അല്ലാഹുവിന്റെ ഗ്രന്ഥവും എന്റെ ചര്യയുമാണത്" (ഹാകിം).

### തൗഹീദ് വിപ്ലവസാക്ഷ്യം

വിശുദ്ധഖുർആൻ തൗഹീദ് എന്ന ഏകദൈവാദർശത്തിന്റെ പ്രയോഗവത്കരണം ഇങ്ങനെ വരച്ചുകാട്ടുന്നു: "അല്ലാഹു പരിശുദ്ധ വചനത്തെ എന്തിനോടാണുദാഹരിച്ചതെന്ന് താങ്കൾ കാണുന്നില്ലേ? അതിന്റെ ഉദാഹരണം ഇപ്രകാരമാകുന്നു. ഒരു വിശിഷ്ട വൃക്ഷം, അതിന്റെ വേരുകൾ മണ്ണിൽ ആഴത്തിൽ ആണ്ടിറങ്ങിയിരിക്കുന്നു. ശാഖകളോ, അംബരചുംബികളും. എല്ലാകാലത്തും അത് തന്റെ റബ്ബിന്റെ കൽപനയാൽ ഫലങ്ങൾ നൽകിക്കൊണ്ടിരിക്കുന്നു. അല്ലാഹു ഈ ഉദാഹരണങ്ങൾ നൽകുന്നത് ജനം അതിൽനിന്ന് പാഠമുൾക്കൊള്ളേണ്ടതിനാകുന്നു" (*ഇബ്റാഹീം*: 24,25). ഇസ്‌ലാമിക ജീവിതത്തിന്റെ വിത്തും വേരുകളും ഫലങ്ങളും ഇലകളും ഒക്കെ തൗഹീദാണെന്നർഥം. അഥവാ വിത്തിൽനിന്ന് വൃക്ഷമെന്ന പോലെ ഉരുവംകൊള്ളേണ്ടതാണ് നമ്മുടെ ജീവിതം മുഴുവനും. വൃക്ഷത്തിന്റെ വേരുകൾ ഭൂമിയുടെ ആഴങ്ങളിലേക്കെന്ന പോലെ വിശുദ്ധവചനം ആത്മാവിന്റെ ആഴങ്ങളിലേക്ക് വേരുകളാഴ്ത്തുകയും ജീവിതത്തിലുടനീളം ശാഖകൾ നീട്ടി മൂല്യനിഷ്ഠയുടെ മധുരഫലങ്ങൾ സമ്മാനിക്കുകയും ചെയ്യുന്നു. തൗഹീദിന്റെ ഈ ശീതളഛായയിൽ മാത്രമേ വിശ്വാസിക്ക് ജീവിതമുള്ളൂ. അഥവാ തൗഹീദ് കേവലം വൈജ്ഞാനിക പ്രശ്നമല്ല, വിശ്വാസ പ്രാർഥനാ കാര്യങ്ങളിലെന്ന പോലെ സാമൂഹിക-സാംസ്കാരിക-സാമ്പത്തിക-രാഷ്ട്രീയ-നാഗരിക മേഖലകളിലും മൗലികമായ പൊളിച്ചുപണി ആവശ്യപ്പെടുന്ന ഒരു സർഗാത്മക ക്രിയയാണ്, വിപ്ലവ ദൗത്യമാണ്, കർമസാക്ഷ്യമാണ്.

വിശ്വാസാദർശങ്ങളിലും ജീവിതരീതികളിലും അപഭ്രംശം സംഭവിച്ചപ്പോഴാണല്ലോ അല്ലാഹു പ്രവാചകന്മാരെ അ

യച്ചത്. ഈ മഹാപ്രവാചകന്മാരൊക്കെയും രോഗാതുരമായ സമൂഹഗാത്രത്തിന് നിർദേശിച്ചത് തൗഹീദ് എന്ന 'ഒറ്റമൂലി'യായിരുന്നു! ജുഗുപ്സാവഹവും ബാലിശവുമായ വിഗ്രഹാരാധനക്കും, അളവുതൂക്കത്തിൽ കൃത്രിമം കാട്ടിയ വിശ്വാസവഞ്ചനക്കും, ഈ നാടിന്റെ അധിപൻ താനാണെന്നു വാദിച്ച കൃത്രിമ ദിവ്യത്വത്തിനും, വൻ സൗധങ്ങൾ കെട്ടിപ്പടുത്ത പൊങ്ങച്ചങ്ങൾക്കും, ജീവിതത്തെ ആമൂലാഗ്രം ഗ്രസിച്ച ലൈംഗികാരാജത്വത്തിനും വിവിധ പ്രവാചകന്മാർ നൽകിയ ശമനൗഷധം തൗഹീദത്രെ. ജീവിതത്തിന്റെ ഏതു വശമാണോ ദൈവാനുസരണത്തിൽനിന്ന് വ്യതിചലിച്ചത് ആ ഭാഗത്തെ 'ലാ ഇലാഹ ഇല്ലല്ലാഹ്' കൊണ്ട് അവർ ചികിത്സിച്ചു. അല്ലാഹുവിന്റെ നിയമങ്ങൾക്കൊത്ത് പുനഃസംരചിച്ചു. അതുവഴി ജീവിതത്തെ മൊത്തം തൗഹീദിനൊത്ത് ചിട്ടപ്പെടുത്തി. വിശുദ്ധഖുർആൻ പ്രവാചകന്മാരുടെ പൊതുവായുള്ള ദൗത്യത്തെ ഏറ്റവും സംക്ഷിപ്തമായി പരിചയപ്പെടുത്തുന്നത് കാണുക: "ദൈവത്തിനു വഴിപ്പെട്ടു ജീവിക്കുക, ദൈവേതര ശക്തികളെ കൈവെടിയുക എന്ന സന്ദേശവുമായി എല്ലാ സമുദായങ്ങളിലും നാം ദൂതന്മാരെ അയച്ചിട്ടുണ്ട്" (*അന്നഹ്ൽ*: 36).

തൗഹീദ് നമുക്ക് വെറും 'കലിമ'യല്ല, ശഹാദത്ത് കലിമയാണ്. നബി(സ) അരുൾ ചെയ്യുന്നു: "അല്ലാഹുവിന്റെ തൃപ്തി കാംക്ഷിച്ചുകൊണ്ട് 'ലാഇലാഹ ഇല്ലല്ലാഹ്' എന്ന് സാക്ഷ്യപ്പെടുത്തിയവന് നരകം നിഷിദ്ധമാകുന്നു." ഇവിടെ 'ശഹാദത്ത്' (സാക്ഷ്യം) എന്നത് നിസ്സാര കാര്യമല്ല. ജീവിതം കൊണ്ട് തൗഹീദ് പ്രയോഗവത്കരിക്കാനുള്ള ശക്തമായ ആഹ്വാനമാണ്. ജനനം മുതൽ മരണം വരെ വിശ്വാസി തൗഹീദിന്റെ ജീവിക്കുന്ന സാക്ഷിയാവണം. അതായത് ഒരാൾ മുസ്‌ലിമാവുന്നത് അശ്ഹദു.... (ഞാൻ സാക്ഷ്യം വഹിക്കുന്നു......) എന്ന വാക്ക് ഉച്ചരിച്ചുകൊണ്ടാണ്. തുടർന്നയാൾ തൗഹീദിനൊത്ത് ജീവിച്ചുകൊണ്ട് കുടുംബത്തിലും സമൂഹത്തിലും രാഷ്ട്രത്തിലും മികച്ച സാക്ഷ്യം സമർപ്പിച്ചുകൊണ്ടിരിക്കുന്നു. "അപ്രകാരം നിങ്ങളെ നാം ഒരു മധ്യമസമുദായമാക്കിയിരിക്കുന്നു. നിങ്ങൾ ജനങ്ങൾക്ക് സാക്ഷികളായിരിക്കാൻ വേണ്ടി, പ്രവാചകൻ നിങ്ങൾക്ക് സാക്ഷിയാകാൻ വേണ്ടിയും" (*അൽ ബഖറ:* 143). തൗഹീദിലൂന്നി ലോകത്തെ അഭിവീക്ഷിക്കുമ്പോൾ ഉയിരെടുക്കുന്ന ആത്മസാക്ഷാത്കാരമാണീ സത്യസാക്ഷ്യം. നന്മകളോട് ഐക്യപ്പെട്ടും ജീർണതകൾക്കെതിരെ മുഖം നോക്കാതെ പ്രതിഷേധാഗ്നി ഉയർത്തിയും വിശ്വാസിക്കൂട്ടങ്ങൾ ഈ മഹദ്ദൗത്യം കാത്തുപോരുന്നു.

തൗഹീദ് നാം അല്ലാഹുവുമായി ചെയ്ത ഒരു ഉടമ്പടിയാണ്. വിശ്വാസദൃഢീകരണത്തിലൂടെ സ്വയം മാറുകയും ലോകത്തെ മാറ്റുകയും ചെയ്യാമെന്ന ദ്വിമുഖ കരാർ. സംഹാരവും നിർമാണവുമടങ്ങിയ കരാർ. ആരാധനാ കർമങ്ങൾ മാത്രമല്ല മുഴുജീവിതവും ഈ കരാറിൽ വരുന്നു. നമ്മുടെ മുഴുവൻ ബന്ധങ്ങളും അനുസരണങ്ങളും ഇടപാടുകളുമെല്ലാം അല്ലാഹുവിനു മാത്രമാക്കലാണ് ഈ ഉടമ്പടിയുടെ കാമ്പ്. വ്യക്തി, കുടുംബം, സമ്പത്ത്, സംസ്കാരം, സംഘടന, രാഷ്ട്രീയം, ഭരണം, കല, ശാസ്ത്രം, നാഗരികത ഒന്നും അതിനു പുറത്തല്ല. തൗഹീദ് ആദർശവും നിയമവും ജീവിത വ്യവസ്ഥയും പ്രബോധനവുമാകുന്നത് ഈ ബിന്ദുവിലാണ്. 'അല്ലാഹു വിശ്വാസികളിൽനിന്ന് അവരുടെ ദേഹവും ധനവും സ്വർഗത്തിനു പകരമായി വിലയ്ക്കു വാങ്ങിയിരിക്കുന്നു' (*അത്തൗബ*: 111) എന്ന വിപ്ലവ പ്രഖ്യാപനത്തിലടങ്ങിയ സമരോത്സുകത ശ്രദ്ധിക്കുക. അതെ, തൗഹീദ് ഒരത്ഭുത പ്രതിഭാസമാണ്. അത് സംഹരിക്കുകയും നിർമിക്കുകയും ചെയ്യുന്നു. അടിമപ്പെടുത്തുകയും മോചിപ്പിക്കുകയും ചെയ്യുന്നു. ഇസ്‌ലാം സമഗ്രമാണെങ്കിൽ അതിന്റെ കാതലായ തൗഹീദും സമഗ്രമാവാതെ വയ്യ. ഹസനുൽ ബന്നാ ശഹീദിന്റെ ശൈലിയിൽ പറഞ്ഞാൽ 'അത് രാഷ്ട്രവും ദേശവുമാണ്. ഭരണവും ജനതയുമാണ്. സദാചാരമാണ്. ശക്തിയാണ്. കാരുണ്യവും നീതിയുമാണ്. സംസ്കാരവും നിയമവുമാണ്. വിജ്ഞാനവും വിധിയുമാണ്. പദാർഥവും സമ്പത്തുമാണ്. അധ്വാനവും ഐശ്വര്യവുമാണ്. സമരവും പ്രബോധനവുമാണ്. സൈന്യവും ചിന്തയുമാണ്. സർവോപരി ആദർശമാണ്, ആരാധനയാണ്.'

## തൗഹീദിന്റെ മുഖങ്ങൾ

'തൗഹീദ്' ദൈവത്തിന്റെ അസ്തിത്വപരമായ ഏകത്വത്തെ മാത്രം കുറിക്കുന്ന പദമല്ല. അഥവാ മേലെ ഒരു അല്ലാഹു ഉണ്ടെന്ന് കരുതിയാൽ മാത്രം തീരുന്നതല്ല പ്രശ്നം. കഴിഞ്ഞു കടന്നുപോയ ഒരു നാഗരികതയും മേലെയുള്ള ദൈവത്തെ നിഷേധിച്ചിട്ടില്ല. ആ ശക്തിസ്വരൂപന്റെ നിയമനിർദേശങ്ങൾക്കൊത്ത് ജീവിതം കരുപ്പിടിപ്പിക്കുന്നതിലായിരുന്നു ജനത്തിനു വൈമുഖ്യം. ഖുർആൻ മക്കയിലെ ബഹുദൈവാരാധകരെ പറ്റി പറഞ്ഞു: "താങ്കൾ ഈ ജനത്തോട് വാന-ഭുവനങ്ങൾ സൃഷ്ടിച്ചതാരെന്നു ചോദിക്കുകയാണെങ്കിൽ ഇവർ പറയും: അജയ്യനും സർവജ്ഞനുമായ ആ ശക്തിയാണവയെ സൃഷ്ടിച്ചത്" (*അസ്സുഖ്റുഫ്*: 9). ഏകദൈവം പോലെ മറ്റൊരു ദൈവമുണ്ടെന്നു കരുതാൻ തക്ക മണ്ടത്തരമുള്ള ഒരു തലമുറയും കഴിഞ്ഞു പോയിട്ടില്ല (ആസ്തിക്യ നിഷേധികൾ ചരിത്രത്തിൽ വളരെ തുഛമായിരുന്നു. ഇപ്പോഴും സ്ഥിതിയിൽ മാറ്റമില്ല). എക്കാലത്തെയും ഒരു വിഭാഗം ജനങ്ങൾ ചെയ്തത് രണ്ടു രീതികളിൽ, പ്രകൃത്യാതീതവും പ്രകൃതിപരവുമായ രീതികളിൽ, അല്ലെങ്കിൽ മറഞ്ഞ വഴിയിലും തെളിഞ്ഞ വഴിയിലും, സ്വൽപംകൂടി വിശദമാക്കിയാൽ പ്രാർഥനാ നേർച്ച പോലുള്ള അതിഭൗതിക വഴിയിലൂടെയും സാമൂഹിക-രാഷ്ട്രീയ-ഭരണ മേഖലയുടെ തെളിഞ്ഞ വഴിയിലൂടെയും യഥാർഥ ദൈവത്തിന് പങ്കാളികളെ സങ്കൽപിച്ചുവെന്നതാണ്. അഥവാ അല്ലാഹുവിനു മാത്രം വകവെച്ചുകൊടുക്കേണ്ടുന്ന ചില കാര്യങ്ങൾ, അത് ആരാധനയുടെ അംശങ്ങളാവാം, അനുസരണത്തിന്റെ അംശങ്ങളാവാം, അടിമവൃത്തിയുടെ അംശങ്ങളാവാം, സ്നേഹത്തിന്റെയോ ഭയത്തിന്റെയോ അംശങ്ങളാവാം, വിഗ്രഹങ്ങൾക്കോ നേതാക്കന്മാർക്കോ ജിന്നുകൾക്കോ പിശാചുക്കൾക്കോ സ്വന്തം ദേഹേഛക്കോ - സ്ഥൂലവും സൂക്ഷ്മവുമായ എന്തിനും-വകവെച്ചു കൊടുത്തുവെന്നാണ്.

അങ്ങനെ ചെയ്യുമ്പോൾ ഫലത്തിൽ സംഭവിക്കുന്നതെന്താണ്? ദൈവത്തിന് തുല്യമായി ദൈവത്തിന്റെ അധികാരാവകാശങ്ങളിൽ മറ്റുചില ശക്തികൾക്കു കൂടി പങ്കുണ്ടെന്നു വാദിക്കലാണ്. സ്വന്തം പിതാവിനു പുറമെ മറ്റൊരാളിൽകൂടി പിതൃത്വം ആരോപിക്കുന്നതിനേക്കാൾ കടുത്ത ഈ വ്യതിയാനത്തെയാണ് വിശുദ്ധ ഖുർആനും തിരുസുന്നത്തും 'ശിർക്ക്' എന്ന് വിളിച്ചത്. പാപങ്ങളിൽ ഏറ്റവും കടുത്തത് തൗഹീദിനു വിരുദ്ധമായ ശിർക്കത്രെ. ഇങ്ങനെ സ്വയം ദൈവം ചമയുന്ന കൃത്രിമ ദൈവങ്ങളെ കുറിക്കാൻ 'ത്വാഗൂത്ത്' എന്നും പറഞ്ഞിരിക്കുന്നു. മറഞ്ഞ വഴിയിലൂടെയുള്ള തൗഹീദീവിരുദ്ധത (ശിർക്ക്)യെ കുറിച്ച് അല്ലാഹു പറഞ്ഞു: "അല്ലാഹുവിനോടൊപ്പം മറ്റൊരു ഇലാഹിനെയും വിളിച്ചു പ്രാർഥിക്കരുത്" (*അൽ ഖസ്വസ്*: 88) തെളിഞ്ഞ വഴിയിലൂടെയുള്ള തൗഹീദീവിരുദ്ധത (ശിർക്ക്)യെപ്പറ്റി പറഞ്ഞു: "തങ്ങളുടെ പുരോഹിതന്മാരെയും പണ്ഡിതന്മാരെയും അവർ അല്ലാഹുവിനെ കൂടാതെയുള്ള റബ്ബുകളാക്കി" (*അത്തൗബ*: 31). ചുരുക്കത്തിൽ, സാക്ഷാൽ അല്ലാഹുവിനു തുല്യം മറ്റൊരു ദൈവമുണ്ടെന്നു സങ്കൽപിക്കുകയല്ല, മറിച്ച് അല്ലാഹുവിനോട് സ്വീകരിക്കേണ്ട സമീപനം മറ്റാരോട് സ്വീകരിച്ചാലും അത് തൗഹീദിന്റെ ലംഘനമായി, ശിർക്കായി.

(തുടരും)